## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.312 — 04.06.2018 ൽ മറുപടിക്ക്

## മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനം

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലയിൻകീഴ് സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ഇവിടുത്തെ ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | മലയിൻകീഴ് സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആശുപത്രിയുടെ 25 സെന്റ് സ്ഥലവും ക്വാർട്ടേഴ്സിന്റെ 25 സെന്റ് സ്ഥലവും സർവ്വേ നടത്തുകയുണ്ടായി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 62 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ എൻ.ആർ.എച്ച്.എം.മുഖേന തയ്യാറാക്കി നടപടി സ്വീകരിച്ചു വരുന്നു. ടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനായി ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. ഡോ.ടി.എൻ.സീമ എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 21 ലക്ഷം രൂപ ചെലവാക്കി എക്സ്റേ യൂണിറ്റ് ഉൾപ്പടെ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ ടി ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങളും തുടർ നടപടികളും വെളിപ്പെടുത്തുമോ ? | (ബി) | കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിനായി 62 കോടി രൂപയുടെ എസ്റ്റിമേറ്റ് എൻ.ആർ.എച്ച്.എം.മുഖേന തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ